(b) Written answers

ഇരിങ്ങാലക്കുട രണ്ടാംക്ലാസ് മജിസ്ട്രേട്ട് മിസ്റ്റർ സി. സി. കുഞ്ഞൻ

*൯൧൨. (൫൨) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ —

(എ) ഇരിങ്ങാലക്കുട രണ്ടാംക്ലാസ് മജിസ്ട്രേട്ട് മി. സി. സി. കുഞ്ഞനെ സസ്പെൻറ് ചെയ്യുകയുണ്ടായിട്ടുണ്ടോ;

(ബി) സസ്പെൻറ് ചെയ്യുന്നതിനുമുമ്പ് അദ്ദേഹത്തിൽനിന്നും വല്ല സമാധാനവും ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) സസ്പെൻറ് ചെയ്തത് എന്തുകൊണ്ട്;

(ഡി) എന്നാണ് സസ്പെൻറ് ചെയ്തത്;

(ഇ) എത്ര കാലത്തേക്കാണ് സസ്പെൻറ് ചെയ്തിട്ടുള്ളത്;

(എഫ്) സസ്പെൻറ് ചെയ്തതിനെ തുടർന്ന് എന്തു നടപടി എടുത്തു;

(ജി) അദ്ദേഹത്തിൽ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾ എന്തൊക്കെയാണ്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) മുതൽ (ജി) വരെ.

ശ്രീ. കുഞ്ഞന്റെ പേരിലുള്ള കേസ് അന്വേഷണത്തിൽ ഇരിക്കുന്നതുകൊണ്ട് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിവൃത്തിയില്ല.

കരിഞ്ചന്ത

*൯൧൩. (൫൩) ശ്രീ. പി. കെ. കുമാരൻ ആശാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പ്രിവൻറിവ് ഡിറ്റൻഷൻ ആക്ട് അനുസരിച്ച് ഈ സംസ്ഥാനത്തു എത്ര കരിഞ്ചന്തക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ബി) അതിൽ എത്രപേരെ ജാമ്യത്തിൽ വിട്ടു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൨ പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) പ്രിവൻറിവ് ഡിറ്റൻഷൻ ആക്ട് അനുസരിച്ച് അവരെ അറസ്റ്റ് ചെയ്തിരിക്കുന്നതിനാൽ ജാമ്യത്തിൽ വിടുക എന്ന പ്രശ്നം ഉദിക്കുന്നില്ല.

Short Notice Question

3. [4] Sri. A. K. George: Will the Hon'ble Chief Minister be pleased to state.—

(*a*) has it come to the notice of the Government the recent statement of Sri. R. Velayudhan, M. P. appeared in the press denying totally the answers given to the House by the Hon'ble the Chief Minister during the question hour that Sri. R. Velayudhan had privately disowned a former statement of his; and

(*b*) if so, what has the Government got to say about the very serious allegations contained in that against the Hon'ble the Chief Minister ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ശരിയാണ്. ആ സ്റ്റേറ്റുമെൻറ് കണ്ടിട്ടുണ്ട്. കേന്ദ്രശരിയാണ്ടെ ഡപ്യൂട്ടി മിനിസ്റ്റർ ശ്രീ തിരുമലറാവു ചോദിച്ചപ്പോഴാണ് അങ്ങനെ യാ

LIBRARY ARCHIVES Kerala Legislative Assembly